കയറ്റുമതി ഇനത്തിൽ ലഭിച്ച വിദേശനാണ്യം

3. [1366] ശ്രീ. എ. സി. ഷൺമുഖദാസ് :

,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ലോഹമണൽ, സമുദ്രോൽപ്പന്നങ്ങൾ സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ കയറ്റി അയച്ച വകയിൽ ഓരോ ഇനത്തിലും സംസ്ഥാനത്തിന് ലഭിച്ച വിദേശ നാണ്യത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ ലഭിച്ച വിദേശ നാണ്യത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

1990-91	242.14 കോടി രൂപ
1991-92	363.04 കോടി രൂപ
1992-93	154.27 കോടി രൂപ
1993-94	260.60 കോടി രൂപ
1994-95	304.83 കോടി രൂപ

ലോഹമണൽ കയറ്റി അയച്ച വകുപ്പിൽ താഴെ പറയുന്ന വിദേശ നാണ്യത്തിന്റെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചത്.

1990-91	16.47 ലക്ഷം യു. എസ്. ഡോളർ
1991-92	115.53 ലക്ഷം യു. എസ്. ഡോളർ
1992-93	59.73 ലക്ഷം യു. എസ്. ഡോളർ
1993-94	42.98 ലക്ഷം യു. എസ്. ഡോളർ
1994 95	108.15 ലക്ഷം യു. എസ്. ഡോളർ

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ

4. [1368] ശ്രീ. എം. ജെ. സക്കറിയ :

,, എ .യൂനസ്കുഞ്ഞ് :

,, ഇസ്ഹാക് കുരിക്കൾ :

,, നാലകത്ത് സൂപ്പി :

,, കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990 മുതൽ 1995 വരെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്തു തുകയുടെ ഉൽപ്പാദനം നടന്നെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എന്തു തുകയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആൻറ് (ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly